ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം, 23 /7/2016.

ആർ.ഒ.സി.നം: 85/10/മിസ്.ബി.

**ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്.**

വിഷയം:- **നാദസ്വര ജീവനക്കാരുടെ നിയമന ഉത്തരവ് സംബന്ധിച്ച്.**

സൂചന:-1. 25-4-2008-ലെ ആർ.ഒ.സി. 6171/07/സി.എ. നമ്പർ ബോർഡ് ഉത്തരവ്.

2. ഡബ്ളിയു.പി.(സി) 29667/08, 21971/09, 17563, 19560/08, 29667/08, 21971/09, 26093/10, 21362/11, 21361/11, 21364/11 നമ്പർ കേസ്സുകളിൽ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ 07-9-2011-ലെ ഉത്തരവ്.

3. 8-11-2011-ലെ ആർ.ഒ.സി. 6171/07/സി.എ. നമ്പർ ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കലാപീഠത്തിൽ നിന്നും പാസ്സായ ശേഷം തൊഴിൽ രഹിതരായി നിൽക്കുന്ന മുഴുവൻ വിദ്യാർത്ഥികളെയും ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ഉണ്ടാകുന്ന പഞ്ചവാദ്യം, തകിൽ, നാദസ്വരം ലാവണങ്ങളിൽ നിയമിക്കുന്നതിന് ബോർഡ് തീരുമാനം എടുത്തിട്ടുള്ളതാണ്. സൂചന (1)

കലാപീഠം വിദ്യാർത്ഥികളും കലാപീഠത്തിൽ പഠിക്കാത്ത വിദ്യാർത്ഥികളും തമ്മിലുള്ള കേസ്സിൽ ബഹു: കോടതിയുടെ സൂചന(2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ കലാപീഠത്തിൽ നിന്നും പഠനം പൂർത്തിയാക്കിയവരെ ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ നിയമിക്കുന്നതിന് അനുവദിച്ചിട്ടുള്ളതാണ്. അതിൻ പ്രകാരം അവർക്ക് നിയമനം നൽകുന്നതിന് സൂചന (3) പ്രകാരം ബോർഡിൽ നിന്നും അനുവാദം ലഭിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യങ്ങളിൽ കലാപീഠത്തിൽ നിന്നും പഠനം പൂർത്തിയാക്കിയ ചുവടെ വിവരിക്കുന്ന പേരുകാരെ അവരവരുടെ പേരിനു നേരെ സൂചിപ്പിച്ചിട്ടുള്ള ഗ്രൂപ്പിലേയ്ക്ക് നാദസ്വര ലാവണത്തിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി നിയമിച്ചിരിക്കുന്നു. നിയമിക്കപ്പെട്ടവർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷം പ്രൊബേഷൻ കാലമായിരിക്കും.

| SL. No. | Rank No. | Name | Station |
|---|---|---|---|
| 1 | 50 | ശ്രീ. സോംജി. റ്റി.എസ്. | പറവൂർ |
| 2 | 51 | ശ്രീ. ശിവപ്രസാദ്.എസ്. | നെയ്യാറ്റിൻകര |
| 3 | 52 | ശ്രീ.സി.ജി.ഗോപകുമാർ | നെയ്യാറ്റിൻകര |
| 4 | 53 | ശ്രീ.അൻജിത്ത്കുമാർ.എൻ. | നെയ്യാറ്റിൻകര |
| 5 | 54 | ശ്രീ.കെ.കൃഷ്ണകുമാർ | പുനലൂർ |
| 6 | 55 | ശ്രീ.വി.ഉണ്ണികൃഷ്ണൻ | നെയ്യാറ്റിൻകര |
| 7 | 56 | ശ്രീ. സുഗീഷ്. എൽ.എസ്. | തിരുവനന്തപുരം |
| 8 | 57 | ശ്രീ. ഗണേഷ്കുമാർ.എസ്. | വർക്കല. |

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

**അംഗീകാരത്തോടെ**

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

**പകർപ്പ്:-**

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ,
2. അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ടാഫീസർ.
3. സെക്ഷൻഫയൽ.

ശ.